**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- പരപ്പനങ്ങാടി നഗരസഭയിലെ എൽ.ഡി.ക്ളർക്ക്/ബിൽ കളക്ടർ ശ്രീ.ജാഫർ സിദ്ദിഖിന് പഠനാവശ്യത്തിന് ശൂന്യവേതനാവധി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 729/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 27.03.2019

പരാമർശം : 1. ശ്രീ.ജാഫർ സിദ്ദിഖ് സമർപ്പിച്ച 18.12.2018 തീയതിയിലെ അവധി അപേക്ഷ

2. നഗരകാര്യ ഡയറക്ടറുടെ 24.01.2019 തിയതിയിലെ ഇ 7- 2145/2017 നമ്പർ കത്ത്.

**ഉത്തരവ്**

പരപ്പനങ്ങാടി നഗരസഭയിൽ എൽ.ഡി.ക്ളർക്ക്/ബിൽ കളക്ടർ തസ്തികയിൽ 03.08.2017 മുതൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. ജാഫർ സിദ്ദിഖ് പൊന്നാനി സിവിൽ സർവ്വീസ് അക്കാദമിയിൽ പഠനാവശ്യത്തിനായി 01.02.2019 മുതൽ 3 വർഷത്തേക്ക് കെ എസ് ആർ പാർട്ട് 1, അപ്പെൻഡിക്സ് 12 ബി പ്രകാരം ശൂന്യവേതനാവധിക്കായി അപേക്ഷിച്ചതായും പ്രസ്തുത ശൂന്യവേതനാവധി അനുവദിക്കുന്നതിന് 09.01.2018 ലെ കൗൺസിൽ തീരുമാനപ്രകാരം ശുപാർശ ചെയ്തിട്ടുള്ളതിനാൽ ആയതിൽ ഉത്തരവിനായി ടിയാന്റെ കോഴ്സ് സർട്ടിഫിക്കറ്റ് സഹിതം നഗരകാര്യഡയറക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം പരപ്പനങ്ങാടി നഗരസഭയിൽ എൽ.ഡി.ക്ളർക്ക്/ബിൽ കളക്ടർ തസ്തികയിൽ 03.08.2017 മുതൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.ജാഫർ സിദ്ദിഖിന് 01/02/2019 മുതൽ 31/01/2022 വരെ കെ.എസ്.ആർ ഭാഗം 1 അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി, പൊന്നാനി സിവിൽ സർവ്വീസ് അക്കാദമിയിൽ പഠനത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.ജാഫർ സിദ്ദിഖ്, എൽ.ഡി.ക്ളർക്ക്/ബിൽ കളക്ടർ, പരപ്പനങ്ങാടി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, പരപ്പനങ്ങാടി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ